# പാടുന്ന പറവകൾ

ഡോ: എം. ലീലാവതി

സാന്ധ്യരാഗം- ജി. ശങ്കരക്കുറുപ്പ്, 2.00.
ത്രിവിക്രമന്നു മുൻപിൽ- ഇടശ്ശേരി ഗോവിന്ദൻ നായർ 1.50.
ഓണസ്സദ്യ- പി. കുഞ്ഞിരാമൻനായർ 1.75.
കാമസുരഭി- വെണ്ണിക്കുളം 3.25.
പൗർണമി- പാലാ നാരായണൻനായർ 12.50. നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.
വെയിലാറുമ്പോൾ- ബാലാമണിയമ്മ, മാതൃഭൂമി കോഴിക്കോട്. 1.0

അവരുടേതായ കൊടുങ്കാറ്റുകൾ വീശിയടങ്ങിയിരിക്കുന്നു. അവരുടേതായ പേമാരികൾ പെയ്തുതോർന്നിരിക്കുന്നു. അവരുടേതായ മധുരഗാനങ്ങൾ പാടിക്കഴിഞ്ഞിരിക്കുന്നു. കേൾക്കാനിരിക്കുന്നവ മധുരതരങ്ങളെന്നു പറയേണ്ടാത്ത, മധുരതരങ്ങളായ ഗാനങ്ങൾ കേൾപ്പിച്ചു കഴിഞ്ഞ ഒരു ഘട്ടത്തിലേക്ക് അവരെത്തിയിരിക്കുന്നു. ഒരു കാലഘട്ടത്തെ "പാടുന്ന പറവകളുടെ കൂടാ"ക്കിത്തീർത്ത മഹാപ്രതിഭകളുടെ മുൻപിലാണ് പ്രണമ്രശിരസ്സായി ഞാൻ നിൽക്കുന്നത്. ഇവിടെ മനീഷയുടെ ഉത്തംഗശൃംഗങ്ങളുണ്ട്. ഗാനത്തിന്റെ മാസ്മക ലഹരികൊണ്ട് മയക്കുന്ന യക്ഷലോകങ്ങളുണ്ട്. രണരണിതം മുഴക്കുന്ന പടക്കളങ്ങളുണ്ട്. ഭാവനയുടെ തേജപുഞ്ജങ്ങൾ പൂത്തുലയുന്ന നീഹാരികകളുണ്ട്. കൃതകൃത്യതയുടെ പോക്കുവെയിലുണ്ട്. പ്രശാന്തതയുടെ നിറനിലാവുണ്ട്. പ്രണമ്രതയുടെ ശ്രീകോവിലുകളുണ്ട് – കാലം ഈ നടക്കൽ ബദ്ധാഞ്ജലിയായി അരനിമിഷം നിന്നതിന്നു ശേഷമേ മുന്നോട്ടു പോകുന്നുള്ളൂ. പുരുഷായുസ്സിന്റെ പകുതിയിലേറെ പിന്നിട്ടവരാണ് ഇവരെല്ലാം. ഇവരുടെ ഏറ്റവും പുതിയ കവിതാസമാഹാരങ്ങൾ ഏറ്റവും മുന്തിയവയല്ലായിരിക്കാം. എന്നാലും ഇന്നലെ ഇവർ നമുക്കു തന്ന ഏറ്റവും മുന്തിയ മുന്തിരിക്കുലകളുടെ മാധുര്യത്തിന്റെ സ്മരണയിലേക്ക് വീണ്ടും ഇവ നമ്മെ കൂട്ടിക്കൊണ്ടു പോകുന്നു.

വീതിയില്ല, ആഴമില്ല എന്നാക്ഷേപിക്കപ്പെട്ടിട്ടുള്ള ഭാവഗീതത്തിൽ പ്രപഞ്ചത്തെ മുഴുവൻ- മൂകവാസനകളേയും സ്വയംപ്രകാശസത്വങ്ങളേയും നിത്യോജ്വലധർമങ്ങളേയും സുരതാരകങ്ങളേയും അനുക്ഷണവികസ്വരമായ കാലത്തേയും ചരാചരങ്ങളേയും ഉച്ചാവച ജീവിതങ്ങളേയുമെല്ലാം- മുഴുകിക്കുന്ന ഭാവഗീതത്തിന്റെ ജയഗീതമാണ് ജിയുടെ സന്ധ്യാരാഗം'. മുപ്പത്തിയൊന്ന് ഭാവഗീതങ്ങളുണ്ടതിൽ. ജിയുടെ കവിതയുടെ പ്രധാന ഭാവങ്ങളിലൊന്നായ ആസ്തികത ഈ സമാഹാരത്തിലെ നല്ലൊരു വിഭാഗം കവിതകളിൽ കാണാം. ഈ കവിതയുടെ വിരിവാർന്ന മസ്തകത്തിൽ തിളങ്ങുന്ന മംഗളവിഗ്രഹം ആസ്തികതയുടേതു തന്നെ.

ദൂരെയോ ചാരെയോ
ഞാനറിവീലെത്ര
പേരെതിർ ചൊൽകിലും
വിശ്വസിക്കുന്നു ഞാൻ
എന്നു തന്നെയാണ്
ആരെ ഞാനന്വേഷിപ്പതാ
പ്രേമപുഞ്ജം തന്നെ
തീരെയില്ലെന്നോതുന്ന
നാവെനിക്കവിശ്വാസ്യം

എന്നു പാടിയ പഴയ കാലത്തെപ്പോലെ ഇന്നും പറയാനുള്ളത്. അന്നത്തെ തെളിവ്

ആ മുഗ്ദ്ധമുല്ലപ്പൂക്കൾ മുക
രുന്ന നേരം ഞാ
നാമുഖമനോഹരസൗരഭം
സ്മരിക്കുന്നൂ.

എന്നതാണെങ്കിൽ ഇന്നത്തെ തെളിവ്.

"എന്റെ കരളിൻവിലോല
മാകും ടെലി-
പ്രിന്ററിൽ നിൻപ്രേമ
സന്ദേശമർമരം
ഇന്നുമെപ്പോഴുമെനിക്കു
കേൾക്കാമർത്ഥ
മൊന്നും ശരിക്കറിവീല
ഞാനെങ്കിലും."

എന്നാണെന്നു മാത്രം ഒരു കവിയുടെ സ്ഥായീഭാവം അദ്ദേഹത്തിന്റെ കവിതയുടെയും സ്ഥായിഭാവമാകാതെ തരമില്ല. ആസ്തിക്യം ഒരു സഞ്ചാരിഭാവമല്ല, ജിയിൽ. എന്നിരിക്കെ, തന്റെ ജീ

വിതപ്രഭാതത്തിലാവിഷ്ക്കരിച്ച ഒരു ഭാവത്തെ ജീവിതസായാഹ്നത്തിലും ആവിഷ്കരിക്കുന്നു എന്നതിനെ ആവർത്തനമെന്നോ ആത്മാനുകരണമെന്നോ വിളിക്കുന്നവർ ഉദ്ദേശിക്കുന്നത് ദിവസം തോറും കവിയുടെ വ്യക്തിത്വത്തിന്റെ നിറം മാറണമെന്നാണോ? ആവിഷ്കരണോപാധിയുടെ സമാനസ്വഭാവമാണ് ആവർത്തനമെന്ന് ആരോപണത്തിന്റെ കാതലെങ്കിൽ, അത്തരം സമാനതയോടുകൂടാതെ ഒരാൾക്ക് ഒരു ശൈലിയുണ്ടാവുന്നതെങ്ങനെ എന്നാലോചിക്കേണ്ടതാണ്. ഏക ഭാവവും സമാനശൈലിയുമുണ്ടെങ്കിലും ഇന്നത്തെ പൂവിന്റെ ജീവൻ അതിന്റേതു തന്നെയാണ്. സൗരഭ്യം ഇന്നലത്തേതിനോടു തുല്യമായിരിക്കാം. പക്ഷേ, ഇന്നത്തേതു തന്നെയാണ്. ഈ വസ്തുത ഉദ്ധരിച്ച ഉദാഹരണങ്ങൾ കൊണ്ട് വ്യക്തമാകും. പോരെങ്കിൽ ഇവ കൂടി കാണുക. കായൽക്കരയിലെ സന്ധ്യയിൽ മാനത്തെ ജട കൊണ്ടു മറച്ച, അമ്പിളിക്കൈതപ്പൂവണിഞ്ഞ മലങ്കുറവൻ, നിറങ്ങളെ ഞെറിഞ്ഞിട്ടു നേർത്ത ചേലയുടുത്ത, അർക്കപുഷ്പത്തെ മുടിയിൽ അഴകായണിഞ്ഞ മങ്ക, കാളിന്ദിയുടെ കരയിൽ ആലിന്റെ പൊത്തിൽ വെച്ചുപോയ മുരളി തപ്പിനോക്കുന്ന കണ്ണൻ. മായാത്ത ഇമേജുകൾ ഈ സന്ധ്യാരുണിമയിൽ സുവർണ്ണ പരാഗങ്ങൾ ചിതറിയിട്ടുണ്ട്. സ്ഥലമെന്ന, പക്ഷിക്കുള്ള പൊങ്ങുകയും താഴുകയും ചെയ്യുന്ന ചിറകായ കാലം. മരണാന്തരീക്ഷത്തിൽ വന്ന് ഉരഞ്ഞാളിക്കത്തി ചാമ്പലാകുന്ന ചരാചരങ്ങൾ; ചക്രവാളത്തെ ഭേദിച്ചു കടക്കാനിച്ഛിച്ച് ഗർവത്തോടെ പറന്നുപൊങ്ങുമ്പോൾ തടവു മനസ്സിലാണെന്നറിയുന്ന കഞ്ഞിപ്പറവ. ഒന്നിന്റെ തന്നെ രണ്ടു ശാഖകളാണ് ജ്ഞാനമാർഗവും കർമാർഗവും എന്നു വ്യക്തമാക്കിത്തരും വണ്ണം രണ്ടു ശാഖകളായി പിരിയുന്ന പൂർണാനദി. നിറച്ചുതന്ന പ്രാണവായുവിന്റെ സഞ്ചിയുള്ള മജ്ജനകവചത്തോടെ അനർഘരത്നം തേടിയെടുക്കുകയെന്ന കഠിനകർത്തവ്യം നിറവേറ്റാൻ നിയുക്തനായ ഗവേഷകൻ. ഒരു നൂൽത്തിരിനാളത്തിന്റെ വെളിച്ചം മാത്രം വഴി കാണിക്കെ കാടും കടലും കുന്നും പിന്നിട്ട് നാഥനെ തേടുന്ന ഏകാന്തപഥിക, വഴുതിപ്പോകുന്ന കനകമത്സ്യങ്ങളെപ്പിടിക്കാൻ വേണ്ടി സ്വരരാഗങ്ങളെക്കൊണ്ടു നെയ്യുന്ന വല; ശാസ്ത്രജിജ്ഞാസ ചെവിയോർക്കുമ്പോൾ ചന്ദ്രമണ്ഡലശംഖിലൂടെ മുഴങ്ങിക്കേൾക്കാവുന്ന സർഗശക്തിയുടെ പ്രണവധ്വനി, ചുറ്റും വെളിച്ചം വീശുന്ന ചുടുനാവായി തന്നെത്തന്നെ ആവിഷ്കരിക്കാനിച്ഛിക്കുന്നുവെങ്കിലും മഞ്ഞു പുതച്ച് അലസമായി മന്ദിരത്തിലിരിക്കുന്ന മെഴുകുതിരി. തന്റെ ആത്മധനം നറും കണ്ണീർക്കണമായി നുറുങ്ങിവീഴുന്ന ജഡമേഘം, ഈറൻ മാറാൻ കീറത്തുണിയില്ലാത്ത മറ്റൊരു ഭാരതത്തിന്റെ ജീവിതദാഹച്ചുടലകളായ അഞ്ചാത്മാവിൽ പുകകുമിഞ്ഞു കൂടുമ്പോൾ, കനൽ പൊട്ടിച്ചിതറുമ്പോൾ വാനൊലി വീണമീട്ടി സുഖലഹരിയിൽ മുഴുകിയിരിക്കുന്ന ദില്ലി. ആരും ആരെയും അടുത്തറിയാൻ കൊതിക്കരുതെന്നു പഠിപ്പിക്കും വിധം ഇന്നലെ സൗമ്യമായും രമ്യമായും ഇന്നു കാലഭൈരവന്റെ ഭിക്ഷാടനത്തലയോടായും നാം കണ്ട സോമബിംബം...

ഈ സുവർണ്ണ പരാഗങ്ങളെ ആത്മാവിലേക്കൊപ്പിയെടുക്കാനുള്ള സന്നദ്ധത നിങ്ങളെ കൂടുതൽ സമ്പന്നരാക്കും.

ഇടശ്ശേരിയുടെ പുതിയ കവിതാസമാഹാരത്തിലും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന് തനതെന്ന വകാശപ്പെടാവുന്ന ഭാവങ്ങളും ശൈലിയുമുണ്ട്. മറ്റൊരു സന്ദർഭത്തിൽ ചൂണ്ടിക്കാട്ടിയതുപോലെ നാനാമുഖമായ വ്യക്തിത്വമാണദ്ദേഹത്തിന്റേത്. ആ ഓരോ മുഖവും ഇവിടെയും ദർശനം തരുന്നു. അതിലൊന്ന് ഭാരതീയാബോധമനസ്സിന്റെ ഒരു ധർമമായ ആസ്തിക്യമാണ്. വർഗാബോധ മനസ്സിനെ ഒരു കാന്തമായി സങ്കല്പിക്കുകയാണെങ്കിൽ ആ കാന്തത്താൽ നിർണീതമാകുന്ന ബല രേഖകളിലേയ്ക്കാകൃഷ്ടമാകുന്ന ആയസകണങ്ങളാണ് വ്യക്ത്യബോധമനസ്സുകളെന്നു പറയാം. ആ ആകർഷണത്തിൽനിന്ന് എളുപ്പത്തിൽ മോചനമില്ല. മനുഷ്യമനസ്സ് ആയസകണമല്ലാത്തതു കൊണ്ട് മോചനം അസാധ്യമാണെന്നു പറയുന്നില്ല. എന്നാൽ, ആയിരത്താണ്ടുകളിലൂടെ വളർന്നുവന്ന ഒരു പാരമ്പര്യത്തിൽ നിന്ന് അര നിമിഷം കൊണ്ടു കുതിച്ചുയർന്ന് ആകർഷണവലയത്തെ ഭേദിച്ചു പുറത്തു കടക്കണമെങ്കിൽ അത്ര വലിയൊരു സംഘർഷവും സ്ഫോടകശക്തിയും പ്രവർത്തിക്കുക തന്നെ വേണം. ബാഹ്യമായി എന്തെല്ലാം നവീകരണങ്ങൾ വന്നാലും അന്താരാ ഒഴുകുന്ന ജീവശക്തി തുറന്നുവരുന്നതു പാരമ്പര്യത്തിൽനിന്നാണ്. ഭൂഗർഭത്തിലുള്ള സാമാന്യ ജനവിതാനത്തിൽ നിന്നു വലിച്ചെടുക്കുന്ന ജീവനമാണല്ലോ ഛായാവൃക്ഷത്തിന്റെ ഞരമ്പുകളിലോടുന്ന ജീവശക്തിക്കുറവായി വർത്തിക്കുന്നത്. ചട്ടികളിൽ വളർത്തുന്ന ചെടികൾക്ക് അഗാധതയിലേക്കുള്ള ഈ വേരോട്ടം പ്രസക്തമല്ല. അവയും സമൃദ്ധമായും സുന്ദരമായും പൂക്കാം. പുറമെ നിന്നുള്ള സേവനം മതി താനും. എന്നാൽ, നീണാൾ പാന്ഥർക്ക് ഉത്തമവിശ്രമമേകുന്ന ഛായാതരുക്കളാകാറില്ല അവ. ഭാരതീയ ബോധമനസ്സിന്റെ ഒരു ധർമമായ ആസ്തിക്യം ഇടശ്ശേരിയുടെ മുൻമുഖമല്ല, പിൻമുഖമാണ്. എന്നാൽ, ശ്രദ്ധിക്കപ്പെടാത്തതെങ്കിലും അങ്ങനെയൊന്ന് പണ്ടും ഉണ്ടായിരുന്നു. 'പള്ളിച്ചൂണ്ടൽ' എന്ന പഴയ കവിത ഓർമ വരുന്നു. അതുപോലെ, കൃഷ്ണനെന്ന ആദിപ്രതീകത്തെ ആവാഹിക്കുന്ന 'അമ്പാടിയിലേക്കു വീണ്ടും' എന്ന കവിതയും. രണ്ടും ആത്മാലാപരീതിയിലല്ല. ആദ്യത്തേതിൽ

ഭക്തിയാം ചൂണ്ടയൊരിക്കൽ
വിഴുങ്ങിയ
ഭാഗ്യഹീനന്നില്ല മുക്തി

പിന്നെ
എന്നു പറയുന്നത് ഒരു കഥാപാത്രമാണ്. രണ്ടാമത്തേതിൽ ഞങ്ങളെ മൂടുക
കാരുണ്യാത്മൻ
നിന്നോടക്കുഴൽ വിളിയാലേ എന്നു കേഴുന്നതു ഗോപികമാരുമാണ്. എന്നാൽ, ആ പള്ളിച്ചൂണ്ടൽ വിഴുങ്ങിയവനും ഗോപികമാരും കവിയുടെ ആത്മാംശങ്ങൾ തന്നെയാകുന്നു. ഈ സമാഹാരത്തിലെ 'ഉണ്ണികൃഷ്ണനോട്', 'യുക്തിവാദി' എന്ന രണ്ടു കവിതകൾ ഇതു വ്യക്തമാക്കിത്തരും. "എടുത്തില്ല, മുകർന്നില്ല, കണ്ടുമില്ല." എങ്കിലും എങ്കിലും "എന്റേതെന്റേതു മാത്രമായ" ഒരു ശക്തി ഉള്ളിന്നുള്ളിലുണ്ടായിരുന്നു. "തമ്മിൽപ്പിണങ്ങിയും ശഠിച്ചും മുറിവേല്പിച്ചുമാണെങ്കിലും" ഞാനും ആ ശക്തിയും "മുറുകെപ്പൂണ്ടുനില്പവരാ"ണ്. പിന്നെ, "നമുക്കാമോ വേർപിരിയാൻ?" എന്നതാണ് സത്യം. ഉള്ളിന്നുള്ളിലുള്ള ആ ശക്തിയെ അനുസ്യൂതമായി നിഷേധിക്കാൻ ശീലിച്ചുപോന്നു. എന്നിട്ടെന്താണ് ഒടുവിൽ ഫലം?

"അനുസ്യൂതമായ് നിന്നെക്കു
റിച്ച നിനവെങ്കൽ
അനുമാത്രം ഞാൻ നിഷേ
ധിക്കണമല്ലോ നിന്നെ!"

ഇടശ്ശേരിയുടെ ഏറെപ്പരിചിതമായ മുഖം ഈ സമാഹാരത്തിലെ 'ദക്ഷയാഗകഥ'യിലാണ് കാണുക.

കൂടക്കൂടെത്തകരും മേടുക
ളിടിയും മേടുകളടയും
മണികം-
ജാഗ്ര്യകിരീടമിണങ്ങിയ
ഗോപുര
പംക്തികൾ എല്ലാമെല്ലാം തുടരെ
ബ്ഭീഷണമാകമലർച്ചകളായി
ഞരക്കങ്ങളുമായവശേഷിച്ചി-
ട്ടവയും കത്തും ക്ഷുത്താൽപ്പിളരും
ഭൂവക്ത്രത്തിലൊതുങ്ങുകയായി.

എന്നു വർണിക്കപ്പെട്ട ഭക്ഷയാഗപരിസമാപ്തി പോലുള്ള ഒരു രാത്രിയിലേക്ക് അനുനിമിഷം നീങ്ങിക്കൊണ്ടിരിക്കുന്ന ഒരപരാഹ്നത്തിലാണ് നാം നിൽക്കുന്നതെന്ന ബോധം 'ഉലകും വാനും പുതുതായി വാർക്കുന്ന തീ' (തീ - സച്ചിദാനന്ദൻ) കൊളുത്തിയ പന്തുമേന്തുന്ന പുതിയ തലമുറയ്ക്കു മാത്രമല്ല, പഴയ തലമുറയിൽ ചിലർക്കുമുണ്ട്. അവരുടെ മുൻപന്തിയിലാണ് ഇന്നും ഇടശ്ശേരി. 'കുഴിവെട്ടി മൂടുക വേദനകൾ കുതികൊൾക ശക്തിയിലേക്കു നമ്മൾ' എന്ന ഗർജനം അദ്ദേഹത്തിന്ന് ഒരു യൗവനസാഹസം മാത്രമായി മാറിക്കഴിഞ്ഞിട്ടില്ല.

"കരളിന്റെയുള്ളിൽ കനലെരിവീല
കനലിരുന്നിടം മലിനമാക്കിക്കൊ-
ണ്ടവിടെയിപ്പൊഴുണ്ടൊരു പിടിച്ചാരം"
(ജീവിതവും മരണവും- കൃഷ്ണവാര്യർ)

എന്ന ആത്മോപാലംഭത്തിലേക്ക് വഴുതിവീഴായ്‌വാൻ ആ അഗ്നിഹോത്രകണ്ഡത്തെ കൃഷ്ണവാരിയരെപ്പോലെ അദ്ദേഹവും ആത്മാവിൽ കെടാതെ നിർത്തിയിട്ടുണ്ട്. "ദ്രോഹദക്ഷരാം ഞങ്ങൾ" എന്ന ശ്ലോകം കൊണ്ട് ഈ ദക്ഷയാഗപരിണതിയെപ്പററി മുൻപ് വൈലോപ്പിള്ളിയും സൂചിപ്പിച്ചിട്ടുണ്ട്.

ജീവിതത്തിന്റെ ദ്വന്ദാത്മകതയെന്ന സത്യത്തെ ആവിഷ്കരിക്കുന്ന കവിതകളാണ് 'ത്രിവിക്രമന്നു മുൻപിൽ', 'ശിരോലിഖിതം' എന്നിവ. മഹാബലിയെ പാതാളത്തിലയക്കാൻ തയാറാക്കിയ ചാർജു ഷീറ്റിൽ,

"ദുഃഖം ശാശ്വതമായി നശിക്കെ-
സ്വാദറ്റോരു സുഖം
ദുസ്സഹമാക്കീ പോലും മരവി
പ്പാലി ബ്ഭുവനത്തെ!"

എന്നതും പെടും! സമത്വവും സുഖവും ശാശ്വതമായാൽ മാനവ ചേരുന്ന അതിൽനിന്നും മോചനം കൊതിക്കുമെന്നതാണ് ശാശ്വതസത്യമെന്നോ മാബലിക്കഥക്കൊണ്ട് നാം പഠിക്കേണ്ടത്? അതുപോലെ ജീവിക്കാൻവേണ്ടി ജീവനെ ഹിംസിക്കാൻ ശപിക്കപ്പെട്ടിരിക്കുന്നു മർത്ത്യൻ! അതോടുകൂടിത്തന്നെ ഹിംസ പാപമാണെന്ന ബോധവും അവന്നുണ്ട്. ഈ വൈരുദ്ധ്യം - ഹിംസയുടെ അനിവാര്യതയും ഹിംസയെക്കുറിച്ചുള്ള പാപബോധവും - മാനവന്റെ പൈതൃകമാണെന്ന മനശ്ശാസ്ത്രദർശനത്തിൽത്തന്നെ ആത്മാരാമനായ ആലിലകൃഷ്ണനെന്ന ആദിപ്രതീകത്തെക്കുറിച്ചുള്ള ചിന്തയിലൂടെ ഇടശ്ശേരി ചെന്നെത്തിയിരിക്കുന്നു.

ഇടശ്ശേരിക്കവിതയുടെ നർമസ്മേരമായ മുഖം അശോകമഞ്ജരി പോലുള്ള കവിതയിലൂടെ

എത്തിനോക്കുന്നു. കൈശോര സൗന്ദര്യങ്ങളെ വർണിക്കുമ്പോൾ ഇടശ്ശേരിക്കവിതയിൽ പിഞ്ചു പൈതൽക്കൊഞ്ചലുകളുടെ രമണീയതയും തളക്കിലുക്കങ്ങളും അരിമുല്ല മൊട്ടുകളുടെ നിരന്ന ഭംഗിയും അനിമിത്തഹാസങ്ങളുടെ നിറഞ്ഞ സൗരഭ്യവും സമ്മേളിക്കുന്നു. 'റിപ്പബ്ളിക്' 'ഗോപികാഗോവിന്ദം' എന്നിവ ഈ വകുപ്പിൽപ്പെടുന്നു. പിഞ്ചുകുഞ്ഞുങ്ങളെക്കൊണ്ട് ഗോപികാഗോവിന്ദം നൃത്തങ്ങളാടിക്കുമ്പോൾ അർത്ഥമോ രസമോ താളമോ ലയമോ ഇല്ലാത്ത, അവരുടെയും നമ്മുടെയും ഹൃദയങ്ങളിലലിഞ്ഞുചേരാത്ത ചില തമിഴ്പാട്ടുകൾ പശ്ചാത്തലഗീതമായി ഉപയോഗിക്കുന്ന പതിവ് ഇപ്പോഴും കാണാറുണ്ട്. ഈ ഗോപികാഗോവിന്ദത്തിന്റെ അനുപമമാധുരിയിലേക്ക് സംവിധായകരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളട്ടെ. ഇവിടെ ലളിതകലകളും കവിതയുമായുള്ള കൊള്ളക്കൊടുക്കകൾ വികസിക്കാത്തതിനൊരു കാരണം നൃത്തവിധായകർക്ക് കാവ്യശിക്ഷണം കിട്ടാത്തതുതന്നെയായിരിക്കണമെന്നു തോന്നുന്നു.

ഇന്നലെ പേരാറ്റുനീരായ ചെമ്പിച്ച പൈക്കളെ ആട്ടിത്തെളിച്ചുകൊണ്ട് കിഴക്കൻമല കടന്നെത്തിയ കറുത്ത ചെട്ടിച്ചികൾ ഇന്ന് കറമ്പിപ്പയ്യുകളായി പുനർജന്മം നേടിയിരിക്കുന്നു. 'കറമ്പിപ്പയ്യ്' എന്ന കവിത, നമ്മുടെ ഇന്നത്തെ ജീവിതത്തിന്റെ പൊള്ളത്തേയും അതിൽ നമുക്കുള്ള ലജ്ജയില്ലായ്മയേയും തുറന്നുകാട്ടുന്ന 'ഇന്നത്തെ ചിന്താവിഷയം', അറിയപ്പെടാനാഗ്രഹിക്കാതെ ആയിരം ആലശീലകൾ മക്കൾക്കു വേണ്ടി സഹിക്കുന്ന അമ്മയെപ്പോലുള്ള 'പിൻനിലാവുള്ള രാത്രി', കലുഷത ആജന്മശാപം പോലെ അനുഭവിക്കുന്ന 'വഴിക്കുളം', വഴിവക്കിലെ കരിങ്കൽച്ചില്ലുകൾക്കൊക്കെ ചിറകു മുളപ്പിച്ച ആക്രമണങ്ങൾക്ക് വിധേയനായിട്ടും പിന്നത്തെക്കൊല്ലവും സഫലതയുടെ വരംതന്നെ യാചിക്കുന്ന തേന്മാവിന്റെ 'അതേ പ്രാർത്ഥന', എന്നിങ്ങനെ ഏറെക്കവിതകൾ ഈ സമാഹാരത്തിലുണ്ട്. "ഈ വിടർന്ന കൊക്കിൽ ഇനിയും ഈണങ്ങൾ തോർന്നു തീർന്നിട്ടില്ല" എന്നു തെളിയിക്കുന്നവ.

അന്തർമുഖ ഭാവശീലത്തിനുള്ള നിത്യദുഃഖങ്ങൾ ബാലാമണിയമ്മയുടെ കൃതികളിൽ ഇന്നും അംഗിയായിരിക്കുന്നു. ഈ സമാഹാരത്തിലെ 'പഴത്തിന്റെ കഥ', 'കിഴവി', 'സത്യം' മുതലായവ കപടനാട്യവും സത്യവും തമ്മിലുള്ളവരും ഇല്ലാത്തവരും തമ്മിലും ഉള്ള ഏററുമുട്ടലിനെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ശോകഗീതങ്ങളാണ്. ഇടനെഞ്ച് പൊട്ടുംപോലുള്ള ഒരാഘാതമേല്പിക്കാൻ 'പഴത്തിന്റെ കഥ'യ്ക്കു കഴിയുന്നു. സമ്പന്നയായ കൊച്ചമ്മ വാതിലിൻ മേൽപടിമേൽ വേലക്കാരി എടുത്തുവെച്ചിരുന്ന രണ്ടു പൂവൻപഴങ്ങൾ കണ്ടപ്പോൾ 'അല്പജ്ഞർക്ക്' ഏറ്റവും വലിയ സുഖഭോഗം സ്വാദുവായ ഭോജ്യങ്ങളുടെ ഭൂക്തി തന്നെ" എന്ന് കരുതുന്ന ദാക്ഷീണ്യശീലയാണ്. വീട്ടുവേലയൊക്കെ നേരത്തെ തീർത്ത് അന്ന് അവൾ ചോദിച്ചു:

"ചെയ്യേണ്ട തത്രയും തീർത്തു ഞാ:നൊന്നിനി-
ച്ചെന്നുപോരട്ടയോ വീട്ടിൽ?
കുഞ്ഞുമെയ് തൊട്ടിട്ടു നാളെറെയായല്ലോ
നെഞ്ഞത്തു വിങ്ങുന്നതെന്തോ!"

കൊച്ചമ്മയാകട്ടെ, കറുത്തപക്ഷത്തെപ്പററി, അവളുടെ വീട്ടിലേക്കുള്ള ദൂരത്തെപ്പററി, ദൂരേയ്ക്കു പഠിക്കാൻ പോകുന്ന മക്കളെ പിരിഞ്ഞിരിക്കുന്ന ധീരമാതാക്കളെപ്പററി, നാലുനാൾ കൂടുമ്പോൾ മക്കളെ ലാളിക്കാൻ കൊതിക്കുന്ന വേലക്കാരിയുടെ ദുരാഗ്രഹത്തെപ്പററി, ഇത്തരത്തിലുള്ള അലസർ നിറഞ്ഞ നാട് ദാരിദ്ര്യത്തിൽനിന്ന് കരകേറാനിടയില്ലാത്തതിനെപ്പററി എല്ലാം പ്രസംഗിച്ച ശേഷം നാലുനാൾ കഴിഞ്ഞാൽ ആ വഴിക്കു താൻ ഗ്രന്ഥശാലയിലേക്കു പോകുമ്പോൾ അവളെ കാറിൽ കൊണ്ടുവിടാമെന്ന് ദാക്ഷിണ്യവും പ്രകടിപ്പിച്ചു. ഒട്ടുനാൾ കഴിഞ്ഞ് രണ്ടു ചീഞ്ഞ പൂവൻപഴം അവൽ കുപ്പയിലിടുന്നതും രണ്ടു കണ്ണുനീർത്തുള്ളികൾ അവയുടെ കൂടെ അടർന്നു വീഴുന്നതും കണ്ടപ്പോൾ പെട്ടെന്നൊരു മിന്നൽപോലെ ആ പഴത്തിന്റെ കഥ കൊച്ചമ്മ ഓർത്തുപോകുന്നു. സത്യം എന്ന കവിതയിലും അന്യന്റെ കാലിൽ തറയ്ക്കാനുള്ള മുള്ള് സ്വാത്മാവിൽ നിന്നാണുതിരുന്നത്.

"ഉമ്മവെയ്ക്കു വയ്യതിനെയുമെന്നാകി ഞാ
ലമ്മയ്ക്കു കാട്ടിത്തരില്ല ഞാനെൻ മുഖം"

എന്നു ശഠിച്ച കൊച്ചുമകൾ അന്ന് അമ്മയെക്കൊണ്ടു തന്റെ പൂച്ചക്കുട്ടിയെ ഉമ്മവെപ്പിച്ചു. മാത്രമല്ല, ഇത്രയും പഠിപ്പിക്കുകയും ചെയ്തു.

"ഞാനീ പ്രപഞ്ചത്തിനമ്മയായെങ്കിലേ
മാനിതമായ് വരൂ നിൻ ജന്മമോമനേ
...................
ഏതൊരു ദുർഭഗജീവിയിലും നിന്റെ
പൂതസൗന്ദര്യത്തെ ഞാനാസ്വദിക്കണം

എന്നിട്ട് ഇന്നോ? ആ കൊച്ചുമകളുടെ കൊച്ചുമകനാവാം ഇപ്പോൾ ചോദിക്കുന്നത്.

എന്നമ്മയെപ്പോഴും നല്ലവാക്കോതുവോ-
ളെന്തേ വെറുക്കുന്നതെൻ കളിത്തോഴരെ?

ഇന്നത്തെ കളിത്തോഴർ പൂച്ചക്കുട്ടികളല്ല
"ഓലപ്പുരകളിൽനിന്ന് വരുന്നവർ
കാർനിറം കണ്ണിൽത്തിളക്കം, ചെരിപ്പിടാ-
ക്കാൽകളിലൊട്ടുന്ന ചെമ്മണ്ണുമുള്ളവർ
ഏതുതായാട്ടിനും കൂട്ടുനില്ലേപ്പാർ, വൃഥാ
വേദനിപ്പിക്കിലു,മീറ കാട്ടാത്തവർ?"

ആയ മനുഷ്യക്കുട്ടികളാണ് എന്നിട്ടും ചോദ്യം ആവർത്തിക്കുന്നു; ചരിത്രം ആവർത്തിക്കുന്നു. എത്രവേഗം മറന്നുപോകുന്നു. "ഏതൊരു ദുർഭഗ ജീവിയിലും നിന്റെ പൂതസൗന്ദര്യത്തെ ഞാനാസ്വദിക്കണ"മെന്ന പാഠം! പ്രപഞ്ചത്തിന്നമ്മയാവാൻ കൊതിച്ച മാതൃഹൃദയത്തിന്ന്

ഒട്ടടുപ്പിക്കാതിരിക്കയാൽ ഞാനവർ
കുട്ടികളെന്നേ മറന്നുപോയെന്നതും"

ഓർക്കേണ്ടിവരുന്നു. "ആരുടെ കാലിൽ തറയ്ക്കുന്ന മുള്ളുമെന്നാത്മാവിനെക്കുത്തി നോവിക്കു"മെന്നു അനുഭവത്തിൽ നിന്ന് പഠിച്ചവർക്ക് അന്യന്റെ കാലിൽ തറയ്ക്കുന്ന മുള്ളുകൾ സ്വാത്മാവിൽനിന്നും മുളകൂർത്തെഴുന്നു വന്നവയാണെന്നറിയുന്നതുപോലുള്ള ഒരു തീച്ചൂളയെ വേറെ നേരിടാനുണ്ടോ? 'കിഴവി'യെന്ന കവിതയും പഴയൊരു കവിതയുടെ പരഭാഗശോഭയിൽ പതിച്ചു കാണേണ്ടതാണ്. പിച്ചക്ക് വന്ന കുട്ടിയെ കണ്ടപ്പോൾ ഉണ്ണിയുടെ കണ്ണിൽനിന്നൂർന്നുവീണ കരുണാങ്കുരത്തെപ്പററി

പാരിൻ വരൾച്ചതീർത്താകെത്തളിർപ്പിക്കാൻ
പോരുമിദ്ദിവ്യ ജലകണങ്ങൾ
എന്ന് അഭിമാനിക്കയും.
കാലേന നിൻകൈകൾ
പേർത്തും മുതിർന്നേയ്ക്കാം
മാലേറ്റ ലോകത്തിൻ കൺതുടയ്ക്കാൻ
മാടിവിളിച്ചേക്കാം സൗഖ്യദനാം നിന്നെ

മർദ്ദിതന്മാരുടെ മാനസങ്ങൾ എന്ന് പ്രത്യാശിക്കുകയും ചെയ്ത മാതൃഹൃദയമാണ് പശ്ചാത്തലം. അതിൽ പതിക്കുന്ന നൂതന ചിത്രമോ? കൊച്ചുമകന്റെ ശൈശവത്തിൽ അവന്നൊരു മുത്തശ്ശിയുടെ അമൃതസ്നേഹവായ്പ് പകർന്നു കൊടുത്ത കിഴവി. അവൻ പഠിച്ചു കേമനായി വന്നതിന്നുശേഷം കാണാനെത്തിയപ്പോൾ അവളുടെ നേരെ ഒരു തീനോട്ടമെറിഞ്ഞ് കർക്കശസ്വരത്തിൽ പറയുന്നു. "ഇതെന്തപദ്രവം!" അതു കേട്ടെത്തുന്ന അമ്മയുടെ കൈയിൽ പടിയിറങ്ങിയ കിഴവിക്കായി കൊണ്ടുവന്ന വെൺനാണ്യം തരിച്ചിരിക്കുന്നു.

പതിവുപോലെ ദാർശനിക പ്രാധാന്യമുള്ള കവിതകൾ ഈ സമാഹാരത്തിലുമുണ്ട് - സാക്ഷാൽക്കാരം, യയാതി, വിശ്വരൂപം മുതലായവ. വിശ്വാമിത്രൻ കണ്ടെത്തിയ സത്യം - കനിവിന്റെ മാധുര്യവും കണ്ണീരിന്റെ സൗന്ദര്യവും - തന്നെയാണ് 'യയാതി'യിലെ ശിബിയും കണ്ടെത്തുന്നത്.

"ഏതാണു ജീവിതൻ നോവുമെൻ വാഴ്‌വിന്റെ
യാതനയാണതു തീർക്കലാണെൻ സുഖം"

വാർദ്ധക്യമെന്ന ദേവദൂതി വന്നു തന്റെ മൂർദ്ധാവിൽ കൂടുകൂട്ടി നറുംപൂടകളുതിർത്ത് ശീർഷത്തെ വെളുപ്പിച്ചോട്ടെ: കണ്ണീർപ്പാടുപോലും വറ്റി ശുഷ്ക്കമായ കവിൾത്തടത്തിൽ ആഴമുറ്റ ചാൽ കീറിക്കോട്ടെ. പരദൂഷണങ്ങളുള്ളിൽ കേറാതിരിക്കത്തക്കവണ്ണം ചെവിയുടെ വാതിൽ കൊട്ടിയടച്ചോട്ടെ, കാറിന്യപ്പൊടിപ്പുകളെ വായിൽനിന്ന് അടർത്തി വീഴ്ത്തിക്കോട്ടെ, ആയാസം കൊണ്ടു തളരുന്ന കൈ കാൽകളെ തടഞ്ഞിട്ടുകൊള്ളട്ടെ. ഒന്നു മാത്രം അരുത്. ഒരേയൊരു പ്രാർത്ഥനേയുള്ളൂ.

"പുസ്തകങ്ങളിൽ, പ്പുലർ സൂര്യനിൽ, പൈതങ്ങളിൽ
നിത്യത നുകരുമീക്കൺകളെ കയ്യാളൊല്ലേ."

മറഞ്ഞുപോയ ഒരു ഓണനിലാവിനെക്കുറിച്ചുള്ള വിഷാദം കുഞ്ഞിരാമൻ നായരുടെ കവിതയുടെ മുഖ്യഭാവങ്ങളിലൊന്നാണ്. ഈ സമാഹാരത്തിലെ കവിതകളിലൂറിക്കൂടുന്ന സ്ഥായീഭാവം അതാണ്. കാല്പനിക കവികളെ നിരന്തരം പീഡിപ്പിക്കുന്ന ഒന്നാണ് അസ്പഷ്ടമായ നഷ്ട സ്വർഗബോധം. ഭാവസ്ഥിരമായ അവ്യക്ത വിരഹവേദന, ഭീപ്രമായ ഭൂതകാലാഭിരതി. എന്നാൽ, പി. യെപ്പോലെ അതിൽ അശീർഷം മുഴുകിക്കിടക്കുന്നവരധികം ഉണ്ടാവില്ല. പൊയ്പോയ സ്വർഗത്തിന്റെ ഒരു പ്രതീകമാണ് അദ്ദേഹത്തിന്റെ കവിതയിൽ ഓണം. കേരളീയരുടെ വർഗചേതനയിൽ കുടികൊള്ളുന്ന പൊയ്പോയ സ്വർഗമാണ് അവരുടെ ബോധമനസ്സിൽ ഓണമായി കൂടക്കൂടെ വിരിയുന്നതും. ഓണം വെറുമൊരു ആചാരമോ ആഘോഷമോ അല്ല. അതൊരു മാനസികാവസ്ഥയാണ്. ഭാവസ്ഥിരമായ ഒരു ജനനാന്തര സൗഹൃദത്തിന്റെ സ്മരണ വർഗചേതസ്സിൽ വീണ്ടും വീണ്ടും വിരിഞ്ഞു സൗരഭം ചൊരിയുന്നു. ഈ സമാഹാരത്തിലെ ഓണപ്പൂ പോലുള്ള ഓരോ കവിതയിലും ഈ മധുര വിഷാദമുറിക്കൂടിയിട്ടുണ്ട്. ഏറെക്കാലം ഈ ദുഃഖസ്മരണകൾ ഉള്ളിൽ പുകഞ്ഞുനീറുകയും പുറമെ മഞ്ഞുമൂടിക്കിടക്കുകയും ചെയ്തതിനുശേഷം, പെട്ടെന്ന്

ഒരഗ്നിപർവതം പോലെ ഈ കവി പൊട്ടിത്തെറിക്കുകയും നിലവിലുള്ള ജീർണിച്ച വ്യവസ്ഥിതികളിലേക്കു തിളച്ചുമറിയുന്ന ലാവവമിക്കുകയും ചെയ്തു. ഈയടുത്തകാലത്ത് വീണ്ടും തന്റെ വിഷാദസ്മരണകളിലേക്ക് കണ്ണീരിന്റെ സൗമ്യശീതളതയിലേക്ക്, ആത്മാന്വേഷണതപസ്സിലേക്ക് അന്തർമുഖതയിലേക്ക് തിരിച്ചു ചെല്ലുന്ന ഒരു ഘട്ടത്തെയാണോ ഈ ബാഹ്യമായ പ്രശാന്തത കുറിക്കുന്നത്? ഒരുപക്ഷേ, ഇവയെല്ലാം ഒരു പ്രത്യേക ഘട്ടത്തിലെ കവിതകളല്ലെന്നും വരാം. ഇവയെല്ലാം തന്നെ സാധർമ്യമുള്ളവയാണ്. കൊഴിഞ്ഞുപോയ ഓണപ്പൂവിനെ മാഞ്ഞുപോയ ഓണനിലാവിനെ നിലച്ചുപോയ ഓണവില്ലൊലിയെ മറന്നേ പോയ ഓണവിഭവമാധുര്യത്തെ തേടുന്നു ഇവയിലോരൊന്നും.

“പേർത്തും നിൻ മോഹന മാനനം താ-
നോർത്തു ഞാൻ കണ്ണുനീരെത്ര വാർത്തു”- ഓണപ്പൂവ്
“എന്നും കൈവരികില്ലീ
യോണനിലാവിൻ മകരന്ദം
ഇല്ല തിരിച്ചുവരില്ലാ പോയൊരുപൊന്നോണക്കാലം” - പൂവിളി
“അന്തരാത്മാവു വെമ്പുന്നൂ പാൽക്കണം
ചിന്തുമോണനിലാവിലലിയുവാൻ”- നാട്ടിലേക്ക്
“ബദ്ധമായ് നൊന്തു കേഴുകിയാത്മാവി-
ന്നുൾത്തുടിപ്പിന്നടയിലുണരുന്നു
പാൽക്കടൽമണിമങ്ക തിരകളി
ലൂയലാടിക്കളിക്കും വയലുകൾ
ലോലമാമധരങ്ങളിൽ വാനത്തിൽ
നീലിമനുകരുന്ന പൂം പൊയ്കകൾ. - നാട്ടിലേക്ക്
“എന്മിഴിക്കമൃതൂട്ടും പൂന്തിങ്കൾ വിരിഞ്ഞതി-
ല്ലെൻനിലാവുദിച്ചില്ലെൻ
പൊന്നോണമണഞ്ഞില്ല” - ഓണനിലാവിൽ
“എങ്കിലുമോണമോ, നിൻ തേരരുളൊലി
ഇന്നുമൊരജ്ഞാതഗാനം” - മുങ്ങിക്കുളിച്ചില്ല.
“ഒന്നു പുണരുകെന്നെ മാമലനാടുപെറ്റ
പൊന്നു ചിങ്ങപൂമണം പുൽകും കാറ്റേ!”- കണ്ണീരിന്റെ കത്ത്
“അന്നത്തെത്തിരുവോണമെന്നു തിരിച്ചുവരു-
മെന്നു ചിരിച്ചുവരും ജീവനാഥേ” - കണ്ണീരിന്റെ കത്ത്
ഇവയിലോരോന്നിലും
“പ്രാണനിൽ പ്രാണനായ്
വാഴും തനതോണനിലാവിനെത്തേടി
തോരാതെ കണ്ണീരൊഴുകും
നീണ്ട പേരാറ്റുവക്കിലലഞ്ഞും
ക്ഷുത്തൃഷയേറും കവി” - ഓണസദ്യ

യെത്തന്നെ നാം വീണ്ടും വീണ്ടും കണ്ടെത്തുന്നു. പിഞ്ചു പൈതങ്ങളുടെ ആത്മാവിൽ പൊട്ടിവിരിയുന്ന ഓണമെന്ന സ്വപ്നത്തിന്റെ ഇതളുയർത്തിക്കാണിച്ചുതരുന്ന ‘ഓണസദ്യ’യുടെ ലാവണ്യവും കോമളതയും അതിൽത്തന്നെ നമ്മെ കയറില്ലാതെ കെട്ടിയിടാൻ ശക്തമാണ്. ഈ കവിതകളിലെ ഭാവത്തിന്റെ ആവർത്തന സൗന്ദര്യം ഒരു ആയിരം തിരിവിളക്കിനെ നമ്മുടെ സ്മരണയിലെത്തിക്കുന്നു. അനന്തതയിൽനിന്നു നിരന്തരമായി വർഷിക്കപ്പെടുന്ന ഉൽക്കകൾ പോലെ ഒടുങ്ങാത്ത ഇമേജുകളുതിരുന്ന ഭാവനാപ്രപഞ്ചമാണ് ഇന്നും പിയുടെ ധനം...

കദളീവന’ത്തിനുശേഷം വരുന്ന പ്രധാന കാവ്യസമാഹാരമാണ് ‘കാമസുരഭി’. സംഗീതത്തിന്റെ നറുംപാൽ തുളുമ്പുന്നവയാണ് വെണ്ണിക്കുളത്തിന്റെ കവിതകൾ. ഓരോ കവിക്കും സഹൃദയന്റെ അവബോധത്തിന്മേൽ ഉളവാക്കാൻ കഴിയുന്ന ചലനത്തിന്ന് ഒരു ആകത്തുകയുണ്ട്. വെണ്ണിക്കുളത്തിന്റെ കവിത മനസ്സിലുണർത്തുന്ന അനുഭവത്തിന്റെ ആകത്തുക സംഗീത തരംഗിതത്വമാണ്. സവിശേഷമായൊരു ദർശനമോ അഭൂതപൂർവമായ ഭാവമേഖലയോ അനന്യ സംഭാവിതമായ ശക്തിപ്രസരമോ അല്ല. ആദർശാത്മകമായ എല്ലാ ദർശനങ്ങളും അദ്ദേഹത്തിന്റെ കവിതയിൽ ഒത്തുചേരുന്നു. എപ്പോഴും മാനുഷികതയുടെ കൂടെയാണദ്ദേഹം. മാനുഷികതയെ ബലികൊടുക്കുന്ന എന്തിൽനിന്നും അതെത്ര ദിവ്യമായാലും അകന്നു നിൽക്കുകയും ചെയ്യുന്നു. ഈ സമാഹാരത്തിലെ ‘ശോണ’ എന്ന കവിതയാണ് ഏറ്റവും ശ്രദ്ധേയം. എട്ടാം വയസ്സിൽ മൊട്ടയടിക്കപ്പെട്ട് ഒരു ബൗദ്ധഭിക്ഷുണീമന്ദിരത്തിൽ മുളയ്ക്കപ്പെട്ട ഒരിരുപതുകാരിയുടെ കത്തിപ്പടരുന്ന ജീവിത കാമനയാണതിലെ വിഷയം.

കത്തിജ്ജ്വലിക്കുമീ യുദ്വേഗമെങ്ങുനി-
ന്നെത്തിപ്പടരുന്നിതെന്നിലേയ്ക്കീശ്വര!
ഏകാന്ത രാത്രിയിലെന്നടുത്തെത്തുമോ

രാകാശശാങ്കനെപ്പോലൊരു കാമുകൻ?
പ്രേമം തുളുമ്പുന്ന സമ്മുഗ്ദ്ധ രാഗത്തി-
ലോമനേ,യന്നു വിളിച്ചു ലാളിക്കുമോ?
നീയൊഴിഞ്ഞില്ലൊരു സത്യമെനിക്കെന്നു
ചായും മുഖവുമായെന്നോടു ചൊല്ലുമോ"

ബുദ്ധമതം അതിർകവിഞ്ഞ നിലയിൽ ഗൃഹസ്ഥാശ്രമത്തിന്റെ ശത്രുവായി വികസിക്കാൻ തുടങ്ങിയതല്ലേ ഇന്ത്യയിൽ നിന്നുള്ള അതിന്റെ തിരോധാനത്തിന്റെ അടിസ്ഥാന ഹേതുക്കലൊന്ന് എന്നതു ചിന്തിക്കേണ്ട വിഷയമാണ്. ആശ്രമക്രമത്തിലടിയുറച്ച വിശ്വാസം ഭാരതീയ മനസ്സിന്റെ ബലരേഖയെ നിയമിക്കുന്ന ശക്തികളിലൊന്നായിരുന്നിരിക്കണം. അകാല സന്ന്യാസത്തെ വാഴ്ത്തുന്ന ദർശനം ഇവിടെ വേരൂന്നുന്നതെളുപ്പമായിരുന്നില്ല. "നുകരാൻ പോകുന്നു ഞാൻ ജീവിതം" എന്ന കുറിപ്പെഴുതിവെച്ച് മഠം വിട്ടിറങ്ങിയ കന്യാസ്ത്രീയെക്കുറിച്ചുള്ള വൈലോപ്പിള്ളിക്കവിതയെ അനുസ്മരിപ്പിക്കും 'ശോണ' ജീവിതത്തിലെ ഇമ്മാതിരി ചിരന്തനപ്രശ്നങ്ങൾ മാത്രമല്ല, കാലിക സാമൂഹ്യപ്രശ്നങ്ങളും കാമസുരഭിയിൽ സുലഭമാണ്. മാത്രമല്ല. പഴയ തലമുറയിൽ പലർക്കുമെന്ന പോലെ യുവതലമുറയെപ്പറ്റി അവജ്ഞയോ അവിശ്വാസമോ വെണ്ണിക്കുളത്തിന്നില്ല.

"ഉച്ചമാമൊരു നവ്യലോകത്തെച്ചമയ്ക്കുവോ-
രുജ്ജ്വതാരുണ്യാഭിമാനം ഞാനറിയുമോ"

എന്ന് യുവത്വശക്തി കൽക്കിയെന്ന നവാവതാരമായി ഗർജിക്കുന്നതദ്ദേഹം കേൾക്കുന്നു - ഈ സമാഹാരത്തിലെ നല്ലൊരു വിഭാഗം കവിതകൾ സാഹിത്യത്തിൽനിന്നോ, ചരിത്രത്തിൽനിന്നോ, ഐതിഹ്യത്തിൽനിന്നോ കല്പനയിൽനിന്നോ എടുത്ത ചില ഉജ്ജ്വലമോ വികാരനിർഭരമോ ആയ രംഗങ്ങളാണ്. ആ വിശാലശാദ്വല ഭൂമിയിൽനിന്ന് ഉൾക്കൊള്ളുന്ന പച്ചപിടിച്ചു തഴച്ച ഭാവനകളെ ഈ കാമസുരഭി നറുംപാലാക്കി മാറ്റുന്നു. വഴിത്താരയിലെ വൈരം, അശോകശോകം, ഗ്രാമവൃദ്ധൻ, ചിത്രത്യാഗം, പ്രഥമദർശനം, ഇന്നു രാത്രി, ഒറ്റച്ചാട്ടം, പൗരവൻ, രാജസേവകൻ, സ്മാരകം തീർന്നപ്പോൾ മുതലായ കവിതകൾ ഈ വകുപ്പിൽ പെടുന്നു.

പാലാ നാരായണൻ നായരുടെ തെരഞ്ഞെടുത്ത കൃതികളാണ് പൗർണമി. അനുവാചകന്റെ അവബോധത്തിലേല്പിക്കുന്ന അനുഭൂതിയുടെ ആകത്തുക ഗാന വിലീനതയെന്നു പറയാവുന്ന മറ്റൊരു കവിയാണ് പാലാ. അദ്ദേഹത്തിന്റെ കവിത പടവാൾ വീശുകയും വീണമീട്ടുകയും ചെയ്തിട്ടുണ്ട്. പടവാൾ വീശുമ്പോൾ ആ ഗാനത്തിന്റെ താളം രണപടഹത്തിന്റേതാണെങ്കിൽ, വീണമീട്ടുമ്പോൾ ആ താളം ഒരു മാസ്മര ലയമുളവാക്കുന്നു. അവതാരികയിൽ ശ്രീ സി.പി. ശ്രീധരൻ പറയും പോലെ മലയാള കവിത കടന്നുപോയ സംഭവബഹുലമായ കാലഘട്ടത്തിന്റെ വൈവിധ്യപൂർണമായ ചിത്രവും ശബ്ദവുമുൾക്കൊള്ളുന്ന ഒന്നാണ് 112 കവിതകളുള്ള ഈ സമാഹാരം. കേരളശ്രീയുടെ ഋതുപരിവർത്തനങ്ങളോടു കൂടിയ വൈവിധ്യ വൈചിത്ര്യങ്ങൾ കേരളീയ മനസ്സിന്റെ അഭിലാഷങ്ങൾ, ഉദ്വേഗങ്ങൾ, നിരാശതകൾ, സംഭ്രാന്തികൾ, രോഷങ്ങൾ, സംഘർഷങ്ങൾ, ഭാരതീയ മനസ്സിന്റെ ആഴങ്ങൾ, ഋഗ്വേദത്തിന്റെയും ഗീതയുടെയും ദാർശനികാന്തരീക്ഷങ്ങൾ, അടിമത്തത്തിന്റെ വീർപ്പുമുട്ടലുകൾ, സ്വാതന്ത്ര്യതൃഷ്ണകൽ, വിപ്ലാവാഭിവാദനങ്ങൾ, സ്ഥിതിസമത്വ സങ്കല്പങ്ങൾ, സ്വാതന്ത്ര്യാൽപര വ്യമോഹഭംഗങ്ങൾ, ഏകാഗ്രപ്രേമത്തിന്റെ ആനന്ദങ്ങൾ, വേദനകൾ - എല്ലാം ഇവിടെ അണിനിരക്കുന്നു. "വാരിധി തന്നിൽ തിരമാലകളെന്നു പോലെ" കാലേ കാലേ മേലേ മേലേ വന്നണയുന്ന പദാവലികളും സംഗീത മരന്ദജസാന്ദ്രമായ അയത്ന സിദ്ധോത്തമ മാധുരിത്തഴപ്പും അദ്ദേഹത്തിന്റെ കവിതയുടെ സിദ്ധികളാണ്. അനായാസമായും അനുസ്യൂതമായും ഇത്രയേറെ എഴുതിയ കവികൾ അധികമില്ല. വാക്കുകൾ വിളിപ്പുറത്തു നിൽക്കുന്ന കവിയ്ക്ക് കാവ്യരചന എത്ര അയത്നലളിതം എന്ന് അദ്ദേഹത്തിന്റെ കവിത കാണിച്ചുതരും. ലയാത്മകമായ ശബ്ദവിധാനത്തിൽ ചങ്ങമ്പുഴയുടെ പാരമ്പര്യവും ബിംബക വിധാനത്തിൽ കുഞ്ഞിരാമൻ നായരുടെ പാരമ്പര്യവും പാലാ കൂട്ടിയിണക്കുന്നു. വിശേഷിച്ചൊരിതിവൃത്തമില്ലാതെ ആയിരക്കണക്കിന് വരികളെഴുതിക്കൂട്ടാനുള്ള കഴിവിൽ പിയും പാലായുമാണ് സമശീർഷർ. 'കേരളം വളരുന്നു' എന്ന തുടർക്കാവ്യാവലികൾ മാറ്റിനിർത്തിയാൽ, ആയുഷ്ക്കാല യത്നങ്ങളുടെ പ്രാതിനിധ്യം വഹിക്കുന്നുണ്ട് ഈ 'പൗർണമി' എന്നു പറയാം. ആ നിലയ്ക്ക് മററുള്ളവരുടെ ചെറിയ കാവ്യസമാഹാരങ്ങളോടൊപ്പം 'ഒരവലോകനം' മാത്രം നടത്തുന്നത് ഇതിനോടു നീതി കാണിക്കലാവില്ല.

"പൂവുകൾ വേണ്ടാ, മുള്ളിൻമുനയുടെ നോവുകളെന്നെത്തഴുകട്ടെ" എന്നു കവി പറഞ്ഞിട്ടുണ്ടെങ്കിലും അദ്ദേഹത്തെ ആരാധിക്കുന്നത് പൂവു കൊണ്ടുതന്നെ വേണം.

(വളരുന്ന സാഹിത്യം) മാതൃഭൂമി 1973 മെയ്